## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4361

19-10-2011 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണ ഏജൻസികൾ

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്; സംഭരണ ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് 2005 വർഷം മുതൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരണം നടത്തി വരുന്നു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ നിന്നും സിവിൽ സപ്ലൈസ് നെല്ല് സംഭരണം നടത്തി വരുന്നു. കൺസ്യൂമർ ഫെഡ് 2009-10 വർഷം മുതൽ എല്ലാ ജില്ലകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തി കൊണ്ടിരിക്കുന്നു. |
| (ബി) | സാമ്പത്തിക കുടിശ്ശിക ഉള്ളതിനാൽ സഹകരണ ബാങ്കുകൾ നെല്ല് സംഭരണം നിറുത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2011-12 സാമ്പത്തിക വർഷത്തിലും നല്ല രീതിയിൽ സംഭരണം നടത്തുന്നതായി കൺസ്യൂമർ ഫെഡറേഷൻ അറിയിച്ചിട്ടുണ്ട്. |
| (സി) | നെല്ല് സംഭരിക്കാൻ കാർഷിക സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ? | (സി) | കാർഷിക സഹകരണ ബാങ്കുകൾ വഴിയുള്ള നെല്ല് സംഭരണം ഇപ്പോഴും തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ